ഇനിയും അവസാനിക്കാത്ത 'മലപ്പുറം കഥകളുടെ' വേരുകൾ

ബഷീർ തൃപ്പനച്ചി



"നിർദിഷ്ടമായ മലപ്പുറം ജില്ല രൂപവത്കരിക്കപ്പെട്ടാൽ അത് ഒരു കൊച്ചു പാകിസ്താനായിരിക്കും. മലപ്പുറത്തെ അമുസ്‌ലിംകളെ മുസ്‌ലിംകൾ ശല്യപ്പെടുത്തിവരുന്നുണ്ട്. ആയിരക്കണക്കിന് അമുസ്‌ലിംകളെ മതപരിവർത്തനം ചെയ്ത് മുസ്‌ലിംകളാക്കുന്ന ഒരു ഇസ്‌ലാമിക സംഘടന പൊന്നാനിയിൽ ഉണ്ട്. മലപ്പുറം ജില്ല ഒരു കടലോര പ്രദേശമാണ്. ജില്ലാ രൂപീകരണത്തോടെ അവിടെ തീരദേശബന്ധം സ്ഥാപിക്കുന്നതിന് സാധ്യതയില്ലെന്ന് പറഞ്ഞുകൂടാ...." (മാതൃഭൂമി ദിനപത്രം, 1969 ജൂൺ 6).

ഏറനാട്, തിരൂർ, പെരിന്തൽമണ്ണ, പൊന്നാനി എന്നിവ സംസ്ഥാനത്തെ പിന്നാക്ക താലൂക്കുകളായിരുന്നു. കോഴിക്കോട്, പാലക്കാട് ജില്ലകളുടെ ഭാഗമായിരുന്നു ഈ പ്രദേശങ്ങൾ. ഈ അവികസിത താലൂക്കുകളെ ചേർത്ത് പ്രത്യേകം ജില്ലയാക്കിയാൽ അവിടത്തെ വികസനത്തിന് അത് വഴിവെക്കുമെന്ന തിരിച്ചറിവാണ് മലപ്പുറം ജില്ലാ രൂപവത്കരണ

ചർച്ചകൾക്ക് തുടക്കമിട്ടത്. പ്രദേശത്തെ മുഖ്യ രാഷ്ട്ര പാർട്ടിയായ മുസ്‌ലിം ലീഗ് ഇതൊരു പാർട്ടി ദൗത്യമായി ഏറ്റെടുത്തു. ലീഗ് പ്രതിനിധികൾ നിയമസഭയിലും മറ്റു വേദികളിലും ഈ ആവശ്യമുയർത്തി. ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷി മുന്നണി അധികാരത്തിലേറിയപ്പോൾ മുസ്‌ലിം ലീഗ് അതിലെ ഒരു പ്രബല കക്ഷിയായിരുന്നു. ഭരണസ്വാധീനം കൂടി ഉപയോഗപ്പെടുത്തി തീർത്തും ന്യായമായ ഈ ആവശ്യം നേടിയെടുക്കാൻ മന്ത്രിസഭയിൽ ലീഗ് സമ്മർദം ചെലുത്തി. ഇ.എം.എസ് അതിന് പച്ചക്കൊടി കാണിച്ചതോടെ കേരളത്തിലെ പത്താമത് ജില്ലയായി മലപ്പുറം പിറവി കൊള്ളുന്നുവെന്ന വിവരം ഔദ്യോഗികമായി പുറത്തുവന്നു.

ഈ വാർത്ത പുറത്തുവന്നതോടെ ജില്ലാ രൂപവത്കരണത്തെ രൂക്ഷമായി എതിർത്ത് ഒരു വിഭാഗം രംഗത്തുവന്നു. രൂപീകരിക്കപ്പെടാൻ പോകുന്ന മലപ്പുറം ജില്ലയിൽ മുസ്‌ലിംകളാണ് ഭൂരിപക്ഷമെന്നത് മാത്രമായിരുന്നു അവരുടെ എതിർപ്പിന്റെ ഏക കാരണം. മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു ജില്ല ഉണ്ടായാൽ അത് ഒരു മിനി പാകിസ്താനാകുമെന്നും അവിടെയുള്ളവർ കടൽവഴി പാകിസ്താനുമായി ബന്ധം സ്ഥാപിച്ച് ഇന്ത്യയുടെ സുരക്ഷതന്നെ അപകടത്തിലാക്കുമെന്നുമായിരുന്നു ജില്ലാ വിരുദ്ധരുടെ മുഖ്യ പ്രചാരണം. ബി.ജെ.പിയുടെ ആദ്യ രൂപമായ ഭാരതീയ ജനസംഘമായിരുന്നു മലപ്പുറം ജില്ലാവിരുദ്ധ നീക്കത്തിന്റെ മുന്നണിയിൽ. അപ്രതീക്ഷിതമായി ചില വ്യക്തികളിൽനിന്നും പാർട്ടികളിൽനിന്നും മാധ്യമങ്ങളിൽനിന്നും അവർക്ക് പിന്തുണ ലഭിച്ചതോടെ ജില്ലാവിരുദ്ധ മുന്നണി മലപ്പുറത്തെ കുറിച്ച് അപസർപ്പക കഥകൾ നെയ്ത് പ്രചരിപ്പിച്ചു.

മലപ്പുറം ജില്ല യാഥാർഥ്യമായാൽ സംഭവിച്ചേക്കാവുന്ന

ഭവിഷ്യത്തുകൾ ലേഖനങ്ങളായും ലഘുലേഖകളായും പത്രക്കുറിപ്പുകളായും വാർത്തകളായും സംസ്ഥാനവും കടന്ന് അങ്ങ് ദൽഹി വരെ എത്തി. മലയാളത്തിന് പുറമെ ഇംഗ്ലീഷിലും ഹിന്ദിയിലും പേടിപ്പെടുത്തുന്ന 'മലപ്പുറം കഥകൾ' പ്രചരിച്ചു. മലപ്പുറമെന്ന് കേൾക്കുമ്പോൾ ഇതര ജില്ലക്കാർക്കും സംസ്ഥാനത്തിന് പുറത്തുള്ളവർക്കും ഇന്നും ആദ്യം മനസ്സിൽ വരുന്ന പേടിയുടെ ഉത്ഭവം ഈ ജില്ലാവിരുദ്ധ മുന്നണി അക്കാലത്ത് പ്രചരിപ്പിച്ച അപസർപ്പകഥകളുടെ ശേഷിപ്പുകളാണ്.

മലപ്പുറം ജില്ലാ രൂപവത്കരണവുമായി ബന്ധപ്പെട്ട ഇത്തരം വിവാദങ്ങളും, മലയാള പത്രങ്ങളിലും തെരുവുകളിലും അക്കാലത്ത് നടന്ന ചർച്ചകളും റഫറൻസ് സഹിതം അടയാളപ്പെടുത്തുന്ന ചരിത്ര രേഖയാണ് ടി.പി.എം ബഷീറിന്റെ 'മലപ്പുറം ജില്ല: പിറവിയും പ്രയാണവും' എന്ന പുസ്തകം. ഹിന്ദുസ്താൻ ടൈംസ്, മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക, ജനയുഗം, ദീപിക, നവജീവൻ, പ്രബോധനം വാരിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ജില്ലാ രൂപവത്കരണവുമായി ബന്ധപ്പെട്ട് വന്ന ലേഖനങ്ങളും വാർത്തകളും തീയതി സഹിതം പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. നിയമസഭാ രേഖകളും മറ്റു ഔദ്യോഗിക വിവരങ്ങളും റഫറൻസായി ചേർത്തതിനാൽ ജില്ലയെ കുറിച്ച ഒരു മികച്ച ഡോക്യുമെന്റ് കൂടിയാണ് ഈ പുസ്തകം. ഓരോ പാർട്ടിയും ജില്ലാ രൂപവത്കരണത്തോട് സ്വീകരിച്ച നിലപാടുകൾ പത്ര റിപ്പോർട്ടുകൾ സഹിതം ഗ്രന്ഥകാരൻ അടയാളപ്പെടുത്തുന്നുണ്ട്.

ജനസംഘവും കെ. കേളപ്പനും

ജില്ലയുടെ മുസ്‌ലിം ഭൂരിപക്ഷ സ്വഭാവവും സ്വയം കൽപിത മിനി പാകിസ്താൻ വാദവും മതപരിവർത്തന

കഥകളുമൊക്കെയായിരുന്നു ജനസംഘത്തിന്റെ ജില്ലാവിരുദ്ധ പ്രചാരണങ്ങളിലെ തുരുപ്പുചീട്ടുകൾ. ഒ. രാജഗോപാലിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലാവിരുദ്ധ സമിതി രൂപവത്കരിച്ച് പ്രതിഷേധ സമരങ്ങളും ധർണകളും സംഘടിപ്പിച്ചാണ് ജനസംഘം മുന്നോട്ടുപോയത്. പ്രമുഖ ഗാന്ധിയനും കോൺഗ്രസ് നേതാവുമായിരുന്ന, കേരള ഗാന്ധി എന്നറിയപ്പെടുന്ന കെ. കേളപ്പൻ ജില്ലാവിരുദ്ധ പ്രക്ഷോഭത്തിന്റെ നേതൃത്വമേറ്റെടുക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ജനസംഘത്തിന്റെ സമരവേദിയുടെ നേതൃത്വമേറ്റെടുത്ത അദ്ദേഹം രൂക്ഷമായ വർഗീയ വിദ്വേഷ പ്രചാരണങ്ങളാണ് നടത്തിയത്. കേളപ്പന്റെ പൊതു സ്വീകാര്യത മുതലെടുത്ത് ജനസംഘം സമരം ദേശീയതലത്തിലേക്ക് വ്യാപിപ്പിച്ചു. ദൽഹിയിലും ബോംബെയിലുമടക്കം മലപ്പുറം ജില്ലാ രൂപവത്കരണ പ്രതിഷേധ ധർണകൾ സംഘടിപ്പിക്കപ്പെട്ടു. അടൽ ബിഹാരി വാജ്പേയി അടക്കമുള്ളവരും ജനസംഘത്തിന്റെ ഇതര സംസ്ഥാനങ്ങളിലെ എം.എൽ.എമാരും മറ്റും കോഴിക്കോട്ടെത്തി കാമ്പയിനിൽ സംസാരിച്ചു.

മാതൃഭൂമിയടക്കമുള്ള പത്രങ്ങൾ ഈ പ്രതിഷേധങ്ങൾക്ക് വൻ വാർത്താ പ്രാധാന്യം കൂടി നൽകിയതോടെ വിഷയം ദേശീയ ശ്രദ്ധയാകർഷിക്കുന്ന വിവാദമായി മാറി. ഒടുവിൽ കേന്ദ്ര ആഭ്യന്തരമന്ത്രി ചവാന് ജില്ലാ പ്രശ്നത്തിലിടപ്പെട്ട് കേന്ദ്ര നയം വ്യക്തമാക്കേണ്ടിവന്നു; "മുസ്ലിം ഭൂരിപക്ഷമുള്ള ഒരു ജില്ല രൂപവത്കരിക്കുന്നതിൽ കാര്യമായ ഒരു തെറ്റുമില്ല. ജില്ലകളുടെ രൂപവത്കരണം സംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയാണ്. മലപ്പുറം ജില്ല രൂപവത്കരിക്കുന്നതിൽ വർഗീയ പരിഗണനയൊന്നുമില്ലെന്ന് കേരള ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ല രൂപീകരിക്കുന്നതിൽ സംസ്ഥാനത്തെ ഒരു വിഭാഗം ആളുകൾക്ക് എതിർപ്പുള്ളതായി

കേന്ദ്ര ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ട്. മുസ്‌ലിം ഭൂരിപക്ഷമുള്ള ജില്ല രൂപീകരിക്കുന്നത് ആശാസ്യമല്ലെന്ന് ശ്രീ. എസ്.എസ് ഭണ്ഡാരി(ജനസംഘം)യുടെ അഭിപ്രായം ചവാൻ തള്ളിക്കളഞ്ഞു. മുസ്‌ലിം ഭൂരിപക്ഷമുള്ള ഒരു ജില്ല രൂപീകരിക്കുന്നത് ദേശീയ താൽപര്യത്തിന് ഹാനികരമാണെന്ന ചിന്താഗതി നാം വളർത്തരുത്. ഇന്ത്യയിൽ ന്യൂനപക്ഷമായ ഒരു വിഭാഗം പൗരന്മാരെപ്പറ്റി അടിസ്ഥാനപരമായ ദുശ്ശങ്കയുളവാക്കാൻ അത് ഇടയാക്കും" (മലയാള മനോരമ, 1969 മാർച്ച് 26).

കേന്ദ്രമന്ത്രിയുടെ പ്രഖ്യാപനത്തിനൊപ്പം ഇ.എം.എസ് മന്ത്രിസഭയുടെ ഇഛാശക്തിയും ചേർന്നപ്പോൾ ജില്ലാവിരുദ്ധ മുന്നണിയുടെ പ്രതിഷേധങ്ങളെല്ലാം മറികടന്ന് 1969 ജൂൺ 16-ന് മലപ്പുറം ജില്ല യാഥാർഥ്യമായി. 'അടിയറവെക്കൽ ദിന'മായി ആ ദിവസത്തെ ആചരിക്കാൻ കെ. കേളപ്പൻ ആഹ്വാനം ചെയ്തു. ജില്ല പിറന്ന ശേഷവും ജനസംഘം സമരം തുടർന്നെങ്കിലും പിന്നെ പതിയെ അത് കെട്ടടങ്ങി. വർഗീയമായി മുതലെടുത്ത് പരമാവധി പർവതീകരിച്ച് വിദ്വേഷ പ്രചാരണം അഴിച്ചുവിടാൻ ലഭിക്കുന്ന ഓരോ വിഷയവും ജനസംഘം പിന്നീട് ജില്ലയിൽ ഏറ്റെടുത്തു പോന്നു. കെ. കേളപ്പന്റെ തന്നെ നേതൃത്വത്തിൽ നടന്ന പെരിന്തൽമണ്ണ തളിക്ഷേത്ര സമരം ജില്ലാ വിരുദ്ധ സമരത്തിന്റെ തന്നെ മറ്റൊരു തുടർച്ചയായിരുന്നു. താനൂർ കടപ്പുറത്ത് ചാരക്കപ്പൽ കണ്ടുവെന്ന

പോലുള്ള തിരക്കഥകൾ എഴുതിപ്പിടിപ്പിച്ച് മാതൃഭൂമിയും ആ കാമ്പയിൻ മറ്റൊരു വിധത്തിൽ തുടർന്നുപോന്നു.

കോൺഗ്രസ് നിലപാട്

മലപ്പുറം ജില്ലാ രൂപവത്കരണത്തെ എതിർത്ത്

കെ.പി.സി.സിയിൽ പ്രമേയം പാസ്സാക്കിയവരാണ് കോൺഗ്രസ്സുകാർ. എതിർപ്പിനുള്ള കാരണങ്ങൾ വ്യക്തമാക്കുന്നിടത്താണ് കോൺഗ്രസ്സിലെ അഭിപ്രായവ്യത്യാസം എന്നത്തെയും പോലെ മറനീക്കിവന്നത്. പുതിയ ജില്ലാ രൂപവത്കരണം സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാലാണ് അതിനെ എതിർക്കുന്നതെന്നാണ് പാർട്ടി നിയമസഭാ കക്ഷി നേതാവായിരുന്ന കെ. കരുണാകരൻ നിയമസഭയിൽ വ്യക്തമാക്കിയത്: "കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക നില വെച്ചുനോക്കിയാൽ പുതിയ ജില്ലകളുടെ രൂപവത്കരണം ന്യായീകരിക്കത്തക്കതല്ലെന്നാണ് കോൺഗ്രസ്സിന്റെ നിലപാട്. വികസനത്തിന് വേണ്ടി ആവശ്യമെങ്കിൽ ജില്ലകൾ രൂപവത്കരിക്കണമെന്നതുതന്നെയാണ് കോൺഗ്രസ്സിന്റെ അഭിപ്രായം" (മലയാള മനോരമ, 1969 ഫെബ്രുവരി 28).

എന്നാൽ കേളപ്പന്റെ പ്രചാരണത്തിൽ വീണ് ഒരു നിലക്കും ജില്ലാ രൂപവത്കരണം അനുവദിക്കരുതെന്ന നിലപാടാണ് പ്രമുഖ ഗാന്ധിയൻ കൂടിയായ കോൺഗ്രസ് നേതാവ് ഇ. മൊയ്തു മൗലവി സ്വീകരിച്ചത്. വികസനം പരിഗണിച്ചാണ് മലപ്പുറം ജില്ല രൂപവത്കരിക്കുന്നതെന്ന വാദത്തെ പരസ്യമായി തള്ളി സ്വന്തം നേതൃത്വത്തിൽ ജില്ലാ വിരുദ്ധ റാലി നടത്തിയ ആര്യാടൻ മുഹമ്മദാവട്ടെ, ജനസംഘത്തിന്റെ വാദങ്ങളാണ് റാലിയിലുടനീളം ഉന്നയിച്ചത്. ആര്യാടന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയുടെ കിഴക്കേ അതിർത്തിയായ വഴിക്കടവിൽനിന്ന് കോഴിക്കോട് കലക്ട്രേറ്റിലേക്കാണ് ജില്ലാവിരുദ്ധ പദയാത്ര നടന്നത്. കേന്ദ്ര കോൺഗ്രസ് നേതാവ് കൂടിയായ ആഭ്യന്തരമന്ത്രി ചവാൻ വിഷയത്തിൽ നിലപാടറിയിച്ചതോടെ സംസ്ഥാന കോൺഗ്രസ് നേതാക്കളുടെ എതിർപ്പുകളുടെ ശക്തി സ്വയം നഷ്ടപ്പെടുകയായിരുന്നു.

മാതൃഭൂമിയുടെ മലപ്പുറംവിരുദ്ധത

ജില്ലാവിരുദ്ധ മുന്നണിയുടെ നിലപാടുകൾക്കും വാർത്തകൾക്കും ശക്തിപകർന്നിരുന്ന മാതൃഭൂമി ദിനപത്രത്തിന്റെ മലപ്പുറംവിരുദ്ധ നിലപാട് ഗ്രന്ഥകാരൻ സവിശേഷം അടയാളപ്പെടുത്തുന്നുണ്ട്. വർഗീയ പ്രചാരണം ഏശാതെ വന്നപ്പോൾ ജില്ലാ രൂപവത്കരണം സംസ്ഥാനത്തിന് കോടികളുടെ അധിക ബാധ്യത വരുത്തും എന്ന രീതിയിലേക്ക് മാതൃഭൂമി ചുവടുമാറിയതിന്റെ ഉദാഹരണങ്ങൾ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ രൂപവത്കരണം ഉറപ്പിച്ച ശേഷവും മാതൃഭൂമി വിവാദമുണ്ടാക്കാൻ വാർത്തകൾ പടച്ചുവിടുന്നുണ്ടായിരുന്നു. ഒരു വാർത്ത ഇങ്ങനെ: "മലപ്പുറം പ്രദേശത്ത് അമുസ്ലിംകളുടെ ഇടയിൽ വലിയ ഭീതിയും ആശങ്കയുമുണ്ട്. മുസ്ലിം ലീഗിനെ നിയന്ത്രിക്കുന്ന വലിയ ജന്മിമാർ ഹരിജനങ്ങളുടെ ഭൂമി കൈയേറുന്നതായി റിപ്പോർട്ടുണ്ട്. പോലീസ് അധികാരങ്ങൾ ജില്ലാ കൗൺസിലുകൾക്ക് കൊടുക്കുന്ന ബിൽ നിയമമാകുന്നതോടെ കാര്യങ്ങൾ കൂടുതൽ മോശമാകും. മുസ്ലിം ലീഗിന് ബഹുഭൂരിപക്ഷമുള്ള ജില്ലാ കൗൺസിലിന് പോലീസ് അധികാരം കിട്ടിയാലുള്ള സ്ഥിതി ഊഹിക്കാം. ഇത് രാഷ്ട്രത്തിന്റെ മുഴുവൻ ശ്രദ്ധയിൽ പെടേണ്ട കാര്യമാണ്" (മാതൃഭൂമി 1969 ജൂൺ 4).

മാതൃഭൂമിയുടെ ഈ മലപ്പുറംവിരുദ്ധത പിന്നീട് കാലിക്കറ്റ് യൂനിവേഴ്സിറ്റി സ്ഥാപന സമയത്തും മറ്റു സന്ദർഭങ്ങളിലെല്ലാം മറനീക്കി വന്നതിന്റെ ഉദാഹരണങ്ങളും പുസ്തകത്തിലുണ്ട്. ഇന്നും വരികൾക്കിടയിലൂടെ മാതൃഭൂമി ഒളിച്ചുകടത്തുന്ന മലപ്പുറംവിരുദ്ധതയെ ഇതിന്റെ തുടർച്ചയായി വേണം മനസ്സിലാക്കാൻ.

മലപ്പുറവും ഇടതുപക്ഷവും

ഇ.എം.എസ് മുഖ്യമന്ത്രിയായ കാലത്താണ് മലപ്പുറം ജില്ല നിലവിൽവന്നത്. അതിനാൽതന്നെ അതിന്റെ ക്രെഡിറ്റ് ഇടതുപക്ഷത്തിനുള്ളതാണെന്ന വാദത്തെ മുസ്‌ലിം ലീഗ് നേതാവ് കൂടിയായ ഗ്രന്ഥകാരൻ നിരൂപണം ചെയ്യുന്നുണ്ട്. സപ്തകക്ഷി മുന്നണിയിലെ നേതൃസ്ഥാനത്തുണ്ടായിരുന്ന പിന്തുണ കൊണ്ട് മാത്രമാണ് ജില്ലാ രൂപവത്കരണം സാധ്യമായതെന്ന യാഥാർഥ്യത്തെ അംഗീകരിക്കുമ്പോഴും ലീഗിന്റെ സമ്മർദ രാഷ്ട്രീയത്തിന് ഇ.എം.എസ് വഴങ്ങുകയായിരുന്നുവെന്ന ചില ഇടതു വിലയിരുത്തലുകൾ ലേഖകൻ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. പരിപൂർണ തൃപ്തിയോട് കൂടിയല്ല, ലീഗിന്റെ രാഷ്ട്രീയ ശക്തിക്ക് മുന്നിൽ ഇടതുപക്ഷം സമ്മതം മൂളുകയായിരുന്നുവെന്നാണ് ഗ്രന്ഥകാരന്റെ പക്ഷം. മുസ്‌ലിം ലീഗ് നിലവിൽ ഇടതുപക്ഷ വിരുദ്ധ മുന്നണിയുടെ ഭാഗമായതിനാലാവാം ഈ വിഷയത്തിലുള്ള വിശദീകരണത്തിന് ഗ്രന്ഥകാരൻ കൂടുതൽ ശ്രദ്ധവെച്ചിട്ടുണ്ട്.

ജില്ലാവിരുദ്ധ പ്രചാരണം ശക്തി പ്രാപിക്കുമ്പോൾ ദേശാഭിമാനിയടക്കമുള്ള ഇടതുപക്ഷ പത്രങ്ങൾ അതിനെ ചെറുത്തതിന്റെ ചരിത്രം അപ്പോഴും ഗ്രന്ഥകാരൻ സത്യസന്ധായി അടയാളപ്പെടുത്തിയിട്ടുണ്ട്. തന്റെ ഗുരു കൂടിയായ കെ. കേളപ്പന്റെ മലപ്പുറം വിരുദ്ധ നിലപാടിനെ രൂക്ഷമായി വിമർശിച്ച് 'കേളപ്പനെ തനി വർഗീയവാദിയായി ചരിത്രം രേഖപ്പെടുത്തും' എന്ന സി.

പി.എം സംസ്ഥാന സെക്രട്ടറി എ.കെ ഗോപാലൻ എഴുതിയ തുറന്ന കത്ത് പൂർണമായി പുസ്തകത്തിൽ എടുത്ത് ചേർത്തിട്ടുണ്ട്. അതിന് കേളപ്പൻ നൽകിയ മറുപടിയും ഇടതു

മന്ത്രിമാർ കേളപ്പനെതിരെ ഉയർത്തിയ പരാമർശങ്ങളും തുടർന്ന് കാണാം.

1969 മുതൽ 2015 വരെയുള്ള മലപ്പുറം ജില്ലയുടെ ചരിത്രവും സംഭവവികാസങ്ങളും ജില്ലയുടെ സാംസ്കാരിക - സാഹിത്യ സംഭാവനകളും നിയമസഭാ -ലോക്സഭാ തെരഞ്ഞെടുപ്പ് ചിത്രങ്ങളും മലപ്പുറം ജനപ്രതിനിധികളുടെ പ്രൊഫൈലുകളും പുസ്തകത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ജില്ല സംബന്ധമായി ലഭ്യമായ മുഴുവൻ വിവരങ്ങളും റഫറൻസ് സഹിതം പുസ്തകത്തിന്റെ അവസാന അധ്യായങ്ങളിൽ ഗ്രന്ഥകാരൻ ഉൾപ്പെടുത്തിയിട്ടുണ്ട്. മലബാറിലെ പിന്നാക്ക പ്രദേശത്തുനിന്ന് മലപ്പുറം ജില്ലയായപ്പോൾ ഉണ്ടായ 40 വർഷത്തെ വളർച്ചയുടെ കണക്കുകൾ രേഖപ്പെടുത്തുന്നതോടൊപ്പം കൂടുതൽ വികസനം സാധ്യമാവാൻ ജില്ല വിഭജിക്കണമെന്ന പുതിയ ആവശ്യത്തെയും സംവാദാത്മകമായി പുസ്തകം നിരൂപണം ചെയ്യുന്നുണ്ട്.